# 2021-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതകൾ നിയന്ത്രിക്കലും പരിരക്ഷ ഉറപ്പാക്കലും ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

1065/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 15

# 2021-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതകൾ നിയന്ത്രിക്കലും പരിരക്ഷ ഉറപ്പാക്കലും ബിൽ

(ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതകൾ നിയന്ത്രിക്കുന്നതിനും പരിരക്ഷ ഉറപ്പാക്കുന്നതിനും മൃഗങ്ങളിൽ വ്യാജചികിത്സകൾക്ക് നിയന്ത്രണമേർപ്പെടുത്തുകയും വളർത്തുമൃഗങ്ങളുടെ വില്പനക്കായി ലൈസൻസ് ഏർപ്പെടുത്തുന്നതിനും സഹാനുഭൂതിയോടുള്ള സമീപനം നിലനിർത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിൽ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും വളർത്തു മൃഗങ്ങളോടും മറ്റ് മൃഗങ്ങളോടും സഹാനുഭൂതിയോടെയുള്ള സമീപനം നിലനിർത്തേണ്ടത് അനിവാര്യമാകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്ടിന് 2021-ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരതകൾ നിയന്ത്രിക്കലും പരിരക്ഷ ഉറപ്പാക്കലും ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം;—

(എ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) 'മൃഗങ്ങൾ' എന്നാൽ വളർത്തുമൃഗങ്ങൾ എന്നർത്ഥമാകുന്നതും അതിൽ തെരുവ്നായ്ക്കൾ ഉൾപ്പെടുന്നതുമാകുന്നു;

(സി) 'ബോർഡ്' എന്നാൽ കേരള സ്റ്റേറ്റ് അനിമൽ വെൽഫയർ ബോർഡ് എന്നർത്ഥമാകുന്നു;

(ഡി) 'ഡയറക്ടർ' എന്നാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എന്നർത്ഥമാകുന്നു;

(ഇ) "ക്രൂരതകൾ" എന്നാൽ മൃഗങ്ങളോട് കാണിക്കുന്ന ഏതുതരത്തിലുള്ള ഉപദ്രവങ്ങളും എന്നർത്ഥമാകുന്നു;

(എഫ്) "സമിതി " എന്നാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രൂപീകരിച്ച സമിതി എന്നർത്ഥമാകുന്നു.

3. <u>ക്രൂരതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക</u>.— ഈ ആക്ടിലെ വ്യവസ്ഥ പ്രകാരം വളർത്തു മൃഗങ്ങളോടോ തെരുവുനായ്ക്കളോടോ മനുഷ്യൻ നടത്തുന്ന ഏതൊരു ഉപദ്രവങ്ങളും ക്രൂരതയായി കണക്കാക്കാവുന്നതാണ്. അതിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു:

(എ) മൃഗങ്ങളുടെ ജീവന് ഹാനികരമാകുന്നതും, അവയുടെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്നതുമായ പ്രവർത്തനങ്ങൾ;

(ബി) വാഹനങ്ങളിൽ കെട്ടിവലിച്ച് മുറിവേൽപ്പിക്കുകയോ കൊലപ്പെടുത്തുകയോ ചെയ്യുക;

(സി) ശരിയായ രീതിയിലുള്ള ആവശ്യമായ ഭക്ഷണം നൽകാതിരിക്കൽ;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള മറ്റു ക്രൂരതകൾ.

4. <u>കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം</u>.—മൃഗങ്ങളോടുള്ള ക്രൂരത സംബന്ധിച്ച പത്രവാർത്തകളോ, സാമൂഹിക മാധ്യമങ്ങളിൽ വന്ന വീഡിയോ ദൃശ്യങ്ങളോ മറ്റ് തെളിവുകളോ ഉപയോഗിച്ച് ഡയറക്ടർക്ക് സ്വമേധയാ കേസ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. ക്രൂരതകൾക്ക് പ്രാദേശിക തലത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്.—(1) ഡയറക്ടർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രൂരതകൾ തടയുന്നതിനായി പ്രാദേശിക സമിതി രൂപീകരിക്കാവുന്നതാണ്.

(2) സമിതിയിൽ അതാത് സ്ഥലത്തെ മൃഗാശുപത്രിയിലെ ഡോക്ടർമാർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായിരിക്കുന്നതാണ്.

(3) ക്രൂരതകൾ സംബന്ധിച്ച് ഇവർ യഥാസമയം ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

(4) പ്രസ്തുത പ്രദേശിക സമിതികളിൽ നിന്നും റിപ്പോർട്ട് ലഭിച്ചാലുടൻ ഡയറക്ടർ അതിൻമേൽ നടപടി സ്വീകരിക്കേണ്ടതാണ്.

6. ഡയറക്ടറുടെ മറ്റു ചുമതലകൾ.—ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ചുവടെ ചേർക്കുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്.

(1) വെറ്ററിനറി ചികിത്സാ രംഗത്ത് വ്യാജചികിത്സകൾ നിയന്ത്രിക്കൽ.

(2) മൃഗങ്ങൾക്ക് അടിയന്തര ചികിത്സ ഉറപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എമർജൻസി വെറ്ററിനറി ടീം സജ്ജമാക്കൽ.

(3) തെരുവുനായ്ക്കളെ ശസ്ത്രക്രിയക്ക് ശേഷം നിരീക്ഷണം നടത്തി സുരക്ഷിതമായ ശേഷം മാത്രം തുറന്നുവിടുക.

(4) വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് കർശനമായും നടപ്പിലാക്കുക.

(5) വളർത്തുമൃഗങ്ങളുടെ വില്പനക്ക് ബോർഡിൽ നിന്നും രജിസ്ട്രേഷൻ നിർബന്ധമാക്കുക.

(6) ഓരോ വ്യക്തിയും വാങ്ങിയതും വിറ്റതുമായ മൃഗങ്ങളുടെ വാർഷിക കണക്ക് ബോർഡിൽ സൂക്ഷിക്കുക.

(7) പശുക്കളിൽ, വാണിജ്യ നേട്ടം ലക്ഷ്യമിട്ട് പാലുൽപാദനത്തിനായി ഓക്സിടോസിൻ ഹോർമോണുകൾ ഉപയോഗിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തുക

(8) അപ്പാർട്ടുമെന്റുകൾക്ക് മുന്നിൽ മൃഗങ്ങളെ അനുവദിക്കുകയില്ല എന്ന ബോർഡുകൾ വയ്ക്കുന്നത് നിയമവിരുദ്ധമാണെന്ന് കാണിച്ച് നടപടികൾ സ്വീകരിക്കുക

(9) പട്ടി, പൂച്ച, ഉപേക്ഷിക്കപ്പെട്ട പശുക്കൾ എന്നിവയുമായി വർഷത്തിൽ മൂന്നു തവണയെങ്കിലും ഏറ്റെടുക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

(10) മൃഗാശുപത്രികളിൽ രാത്രിസമയസേവനം ഉറപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.

(11) കശാപ്പുശാലകൾ ആധുനികവത്കരിക്കുകയും മൃഗങ്ങളെ കൊല്ലുന്നത് ശാസ്ത്രീയ മാർഗ്ഗത്തിലൂടെയാകണം എന്ന് ഉറപ്പാക്കുകയും ചെയ്യുക.

(12) ഇന്ത്യൻ വെറ്റിനറി കൗൺസിൽ ആക്ട് പ്രകാരം, കേരള സ്റ്റേറ്റ് വെറ്റിനറികൗൺസിലിൽ രജിസ്റ്റർ ചെയ്ത് സർക്കാർ നിശ്ചയിച്ചിട്ടുള്ള രജിസ്റ്റേർഡ് വെറ്റിഷണർക്കല്ലാതെ ചികിത്സ നടത്താൻ അനുമതി നൽകാൻ പാടില്ല

7. ശിക്ഷാനടപടികൾ.—6 (12) ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരമുള്ള യോഗ്യതയില്ലാത്ത ഏതൊരാളും വ്യാജചികിത്സ നടത്തുന്നതായി തെളിഞ്ഞാൽ ആദ്യതവണ പരമാവധി ആയിരം രൂപയും ആവർത്തിച്ചാൽ 6 മാസം വരെ തടവും അയ്യായിരം രൂപ പിഴയും ഒടുക്കേണ്ടതാണ്.

(2) മൃഗങ്ങൾക്ക് എതിരെ ക്രൂരമായ രീതിയിൽ ആക്രമണം നടത്തുന്ന ഏതൊരാൾക്കും പതിനായിരം രൂപയിൽ കുറയാത്ത പിഴയോ അല്ലെങ്കിൽ 1 വർഷം വരെ ലഭിച്ചേക്കാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകാവുന്നതാണ്.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലെ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.